ഹയർ സെക്കണ്ടറി കാര്യാലയങ്ങൾ മുഖാന്തരം നൽകുന്ന സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

45 (3768) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പിലാക്കിയപ്പോൾ ഹയർ സെക്കണ്ടറി മേഖലാ കാര്യാലയങ്ങൾ മുഖാന്തരം നൽകുന്ന കേവലം രണ്ട് സേവനങ്ങൾ മാത്രമാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് എന്നതിന്റെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യാലയങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന ഇതര സേവനങ്ങൾ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ടവർ നൽകേണ്ടുന്നതിന്റെ സമയപരിധിയില്ലായ്മയിലാണോ ഇത്തരം നടപടി എന്ന് അറിയിക്കുമോ ;

(സി) അടിയന്തിരമായി ഈ കാര്യാലയത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അനുവദിച്ച അധിക ബാച്ചുകൾ

46 (3770) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എത്ര സർക്കാർ സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് അധിക ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം പുതുതായി ബാച്ചുകൾ അനുവദിച്ച സർക്കാർ സ്കൂളുകളിൽ കൂടുതലായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അധിക ബാച്ചുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കാത്തതുമൂലമുള്ള പോരായ്മകൾ എപ്രകാരമാണ് പരിഹരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കുട്ടികളുടെ അദ്ധ്യയനം എപ്രകാരം നടക്കുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly